


# PARISH News

MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM

VOL : 4 • ISSUE : 8 AUGUST 2010


## പി.വി. ജോസഫച്ചൻ – ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ

# ഒരു അനുസ്മരണം

### പത്തൊമ്പതാം ഓർമപ്പെരുന്നാൾ (19 – 8 – 2010)

1926-ജൂൺ 18ന് മുളക്കുളം പൂവ്വത്തിങ്കൽ വർക്കി-അന്നാമ്മ ദമ്പതിമാരുടെ മകനായി ജനിച്ചു. 1991 – ആഗസ്റ്റ് 19ന് കാലം ചെയ്തു. 65 വർഷക്കാലത്തെ അദ്ദേഹത്തിന്റെ ജീവിതം സംഭവബഹുലമായിരുന്നു. നമ്മുടെ ഇടവകയുടെ പ്രഥമ വികാരിയായിരുന്ന, 40 വർഷക്കാലം ഇടവകയെ ശുശ്രൂഷിച്ച ബ. മൂരിയ്ക്കൽ ജേക്കബ് അച്ചനോടൊത്ത് സഹപട്ടകാരനായാണ് ബ. പി.വി. ജോസഫച്ചൻ നമ്മുടെ പള്ളിയിൽ ശുശ്രൂഷ ആരംഭിച്ചത്. 1955 മുതൽ 1958 വരെ ഒന്നിടവിട്ട ഞായറാഴ്ചകളിൽ സഹ പട്ടക്കാരനായും 1962–1965 വരെ മുഴുവൻ സമയ സഹപട്ടക്കാരനായും 1966 മുതൽ 1975 വരെ വികാരിയായയും (നാലു മാസത്തെ ഇടവേള ഒഴികെ) എറണാകുളം പള്ളിയിൽ ശുശ്രൂഷ അനുഷ്ഠിച്ചു. ഈ കാലഘട്ടത്തെ ഇടവകയുടെ സുവർണ്ണ കാലം എന്ന് വിശേഷിപ്പിക്കാം. ആത്മീയമായും, ഭൗതികമായും ഇടവക ഒരു പുത്തൻ ഉണർവും, വളർച്ചയും കൈവരിച്ചു. ബ. ജോസഫച്ചന്റെ അനുഗ്രഹകരമായ ആരാധനയിൽ സംബന്ധിച്ച് ജനം നിർവൃതിയടഞ്ഞു. അത്രയ്ക്ക് ഹൃദയസ്പൃക്കായിരുന്നു വി.കുർബ്ബാനാർപ്പണവും മറ്റു ശുശ്രൂഷകളും. സന്ദർഭോചിതമായ ക്ലാസുകളും പ്രസംഗങ്ങളും ജനത്തെ പ്രബുദ്ധരാക്കി. സമയനിഷ്ഠപാലിച്ചും ഒരുക്കത്തോടും മാന്യമായ വേഷവിതാനത്തോടും കൂടി വേണം ആരാധനയിൽ സംബന്ധിക്കാനെന്ന് ജനത്തെ ഉത്ബോധിപ്പിച്ചു.



ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പൊലീത്ത

"നിങ്ങൾക്ക് ദൈവവചനം പറഞ്ഞുതന്ന് നിങ്ങളെ നടത്തിയ നിങ്ങളുടെ പിതാക്കന്മാരെ ഓർത്തുകൊൾവിൻ"

നമ്മുടെ പള്ളിയിൽ അച്ചനായിരിക്കെ 2-10-1974 ലാണ് അദ്ദേഹം മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ടത്. 12-2-1975 മെത്രാപ്പോലീത്തായായി വാഴിക്കപ്പെട്ടു. വാഴ്ച കഴിഞ്ഞ് അന്നുതന്നെ എറണാകുളം പള്ളിയിൽ എത്തിലുത്തിനിയാ നടത്തി. രാത്രി സമയത്താണെങ്കിലും തിരുമേനിയെ വരവേൽക്കാൻ ഏറെ ജനം എത്തിയിരുന്നു. കുറേനാളത്തേക്ക് തിരുമേനിയുടെ ആസ്ഥാനം എറണാകുളം പള്ളിയായിരുന്നു. ഇടവകയ്ക്ക് തിരുമേനിയോടുള്ള സ്നേഹത്തിന്റെയും ആദരവിന്റെയും സൂചകമായി 18.5.1975-ൽ ഒരു അമ്പാസഡർ കാർ നൽകുകയുണ്ടായി.

കോട്ടയം ഭദ്രാസനത്തിന്റെ സഹായ മെത്രാപ്പോലീത്തായായി നിയമിതനായ തിരുമേനി 1978 വരെ ആ ചുമതല വഹിച്ചു. 1976 മുതൽ കണ്ടനാട് മെത്രാപ്പോലീത്താ സ്ഥാനവും ഏറ്റവും ഭംഗിയായി നിർവ്വഹിച്ചു. ജീർണ്ണാവസ്ഥയിലായിരുന്ന വെട്ടിയ്ക്കൽ ദയറാ പുനരുദ്ധാരണം ചെയ്ത് അവിടെ തന്റെ ആസ്ഥാനമാക്കി. പിന്നീട് മീമ്പാറ ഭാഗത്ത് സ്ഥലം വാങ്ങി അവിടെ ചാപ്പലും അനുബന്ധ കെട്ടിടങ്ങളും പണിത് ആസ്ഥാനം അങ്ങോട്ടു മാറ്റി. മീമ്പാറ മാർ പക്കോമിയോസ് മൗണ്ട് എന്നാണ് കണ്ടനാട് വെസ്റ്റ് ഭദ്രാസന ആസ്ഥാനം ഇന്ന് അറിയപ്പെടുന്നത്.

ഭവനങ്ങളും ആശുപത്രികളും സന്ദർശിച്ച് രോഗികളെ കണ്ട് പ്രാർത്ഥിക്കുന്നതിനും ആശ്വസിപ്പിക്കുന്നതിനും അദ്ദേഹം പ്രത്യേകം സമയം കണ്ടെത്തി. പാവപ്പെട്ടവരോടുള്ള മനസ്സലിവ് അവരെ പലവിധത്തിലും സഹായിക്കുന്നതിനും ഇടവരുത്തി. രോഗികളെ സഹായിക്കുന്നതും വിദ്യാർത്ഥികൾക്ക് ഫീസും യൂണിഫോമും ഒക്കെ നൽകുന്നതും അച്ചന്റെ കാലത്ത് ഇടവകയിൽ ആരംഭിച്ചതാണ്. ഇടവകാടിസ്ഥാനത്തിൽ പ്രത്യേക ജീവകാരുണ്യ ഫണ്ട് ആരംഭിച്ചു. ആവശ്യക്കാർക്ക് അച്ചന്മാർ നേരിട്ട് കൊടുക്കുന്ന രീതിയാണ് അന്നുണ്ടായിരുന്നത്. അത് തുടർന്നുകൊണ്ടേയിരുന്നു. ഇന്ന് ഇടവക നടത്തുന്ന ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് അത് ഒരു അടിസ്ഥാനവും പ്രചോദനവുമാണ് എന്നു പറയാം. പള്ളിയിൽ അച്ചനായിരുന്നപ്പോഴും മെത്രാപ്പോലീത്ത ആയതിനുശേഷവും തിരുമേനി സ്വന്തംനിലയിൽ സഹായിച്ചവരും ഏറെയാണ്.

16 സ്ഥലങ്ങളിൽ കാതോലിക്കേറ്റ് സെന്ററുകൾ സ്ഥാപിച്ചു. കക്ഷിവഴക്കുമൂലം പ്രയാസം അനുഭവിച്ചിരുന്ന വിശ്വാസികൾക്ക് ഇത് വലിയ ആശ്വാസവും സഭയ്ക്ക് ഒരു മുതൽക്കൂട്ടും ആയിത്തീർന്നു. കാതോലിക്കായുടെയും, മലങ്കര മെത്രാപ്പോലീത്തായുടെയും അസിസ്റ്റന്റ്, സുന്നഹദോസ് സെക്രട്ടറി, സുന്നഹദോസ് സ്റ്റാന്റിങ് കമ്മറ്റി അംഗം, വർക്കിങ് കമ്മറ്റി അംഗം തുടങ്ങി നിരവധി ചുമതലകൾ ഏറ്റവും ഭംഗിയായി നിർവ്വഹിച്ചു. തന്റെ അരുമനാഥന്റെ അടുക്കലേക്ക് വിടവാങ്ങുന്നതുവരെ സഭയിൽ ഉടനീളം ഓടിനടന്ന് കഷ്ടപ്പെട്ട് ഏറെ ത്യാഗങ്ങൾ സഹിച്ച് പ്രവർത്തിച്ച പുണ്യാത്മാവായിരുന്നു തിരുമേനി. സഭയും, തിരുമേനി ദീർഘനാൾ ശുശ്രൂഷിച്ച നമ്മുടെ ഇടവകയും തിരുമേനിയോട് ഏറെ കടപ്പെട്ടിരിക്കുന്നു. പുണ്യപിതാവിന്റെ പ്രാർത്ഥന നമുക്ക് കോട്ടയായിരിക്കട്ടെ.

■ ഫാ. ഒ. വി. ഏലിയാസ്

## സ്നേഹനിധി

കാലം ചെയ്ത അഭിവന്ദ്യ ജോസഫ് മാർ പക്കോമിയോസ് തിരുമേനിയുടെ പാവനസ്മരണ നിലനിർത്തുന്നതിനുവേണ്ടി നമ്മുടെ ഇടവകയുടേതായി രൂപീകരിച്ചിരിക്കുന്ന വിദ്യാഭ്യാസ സഹായഫണ്ടാണ് സ്നേഹനിധി. ഒരു നിശ്ചിത തുക സമാഹരിച്ച് സ്ഥിരമായി നിക്ഷേപിച്ച് അതിന്റെ പലിശയിൽ നിന്ന് കണ്ടനാട് (തിരുമേനിയുടെ ഭദ്രാസനം) ഈസ്റ്റ്, വെസ്റ്റ്, കൊച്ചി എന്നീ ഭദ്രാസനങ്ങളിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന നിർദ്ധനരും പഠിക്കുവാൻ സമർത്ഥരുമായവർക്ക് പഠനസഹായം നൽകാനാണ് തീരുമാനം. സ്നേഹനിധിയിലേക്ക് സംഭാവന നൽകണമെന്ന അഭ്യർത്ഥന ഇതിനോടകം ഇടവകാംഗങ്ങൾക്ക് അയയ്ക്കുകയുണ്ടായി. പലരും സന്തോഷത്തോടെ സഹകരിച്ചു. തിരുമേനിയെ വ്യക്തിപരമായി അറിയാവുന്നവരും, അറിയാത്തവരും നമ്മുടെ ഇടവകയിൽ ഇപ്പോഴുണ്ട്. ഗണ്യമായ തുക സമാഹരിച്ചാലേ ആണ്ടുതോറും മേല്പറഞ്ഞ സഹായം നൽകുവാനുള്ള പലിശ ലഭിക്കുകയുള്ളൂ. ആവശ്യത്തിന്റെ വലുപ്പവും, പ്രാധാന്യവും അറിഞ്ഞ് എല്ലാവരും ഈ നല്ല സംരംഭത്തിൽ സഹകരിക്കണം.

തിരഞ്ഞെടുക്കപ്പെടുന്നവർക്ക് ആഗസ്റ്റ് മാസം 22-ാം തീയതി ഞായറാഴ്ച 5 മണിക്ക് സഹായം നൽകുവാനുള്ള ക്രമീകരണങ്ങൾ ചെയ്തുവരുന്നു. അന്ന് പള്ളിഹാളിൽ ചേരുന്ന ലളിതവും പ്രൗഢവുമായ സമ്മേളനത്തിൽ ശ്രേഷ്ഠനിയുക്ത കാതോലിക്കാബാവാ, ഇടവക മെത്രാപ്പോലീത്താ, സമീപ ഭദ്രാസനങ്ങളിലെ മെത്രാപ്പോലീത്താമാർ മറ്റ് വിശിഷ്ടാതിഥികൾ തുടങ്ങിയവർ സംബന്ധിക്കുന്നതാണ്. എല്ലാ ഇടവകാംഗങ്ങളും അഭ്യുദയകാംക്ഷികളും ഈ സമ്മേളനത്തിൽ സംബന്ധിക്കുവാൻ ശ്രദ്ധിക്കണം.

## എഡിറ്റോറിയൽ

# പ്രശ്നപരിഹാരം പ്രാർത്ഥനയിലൂടെ

വേദപുസ്തകത്തിൽ പ്രാർത്ഥനയുടെ പ്രാധാന്യം പലതവണ വിവരിച്ചിട്ടുണ്ട്. യേശുക്രിസ്തു നേരിട്ട് പ്രാർത്ഥിക്കുവാൻ നമ്മെ പഠിപ്പിച്ചിട്ടുമുണ്ടല്ലോ. അങ്ങനെയാണല്ലോ "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..." നമുക്കു ലഭിച്ചത്. സ്വർഗ്ഗീയശക്തി നമുക്കു ലഭിക്കുവാൻ തക്കവണ്ണം പ്രാർത്ഥനാസമയത്ത് നാം ദൈവത്തോട്അടുക്കുകയാണ് ചെയ്യുന്നത്. ദൈവം നമുക്കു നൽകിയിരിക്കുന്ന ഒരു വലിയ ആയുധവും അതുല്യ സിദ്ധിയുമായി പ്രാർത്ഥനയെ കാണണം.

1912 ഏപ്രിൽ 14 അർദ്ധരാത്രി സമയം. അമേരിക്കക്കാരി ഒരു സ്ത്രീ അവരുടെ ഭർത്താവ് ഒരപകടത്തിൽപ്പെട്ടെന്ന് സ്വപ്നം കണ്ടുണർന്ന് ഭർത്താവിനുവേണ്ടി പ്രാർത്ഥിക്കുവാൻ തുടങ്ങി. അവരുടെ ഭർത്താവ് അന്നത്തെ ലോകത്തിലെ ഏറ്റവും വലിയ യാത്രക്കപ്പലായ റ്റൈറ്റാനിക്കിൽ ഉല്ലാസയാത്രയ്ക്കായി പോയിരിക്കയായിരുന്നു. ശേഷിച്ച രാത്രിമുഴുവൻ അവർ പ്രാർത്ഥിച്ചുകൊണ്ടേയിരുന്നു. നേരംവെളുത്തപ്പോൾ അവർ കേട്ടത് റ്റൈറ്റാനിക് അപകടത്തെപ്പറ്റിയുള്ള ഞെട്ടിക്കുന്ന വാർത്തയായിരുന്നു. രക്ഷപ്പെട്ടവരുടെ ആദ്യത്തെ രണ്ടുലിസ്റ്റിലും അവരുടെ ഭർത്താവിന്റെ പേരുണ്ടായിരുന്നില്ല. അവർ പ്രാർത്ഥിച്ചുകൊണ്ടേയിരുന്നു. മൂന്നാമത്തെ ലിസ്റ്റുവന്നപ്പോഴാണ് അവരുടെ ഭർത്താവ് രക്ഷപ്പെട്ടെന്നു മനസ്സിലായത്. ഉൾപ്രേരണയുണ്ടായി അവർ ഉണർന്നുപ്രാർത്ഥിച്ച സമയം തന്നെയായിരുന്നു, 1522 പേർ മരിക്കുകയും 705 പേർ രക്ഷപെടുകയും ചെയ്ത കപ്പലപകടമുണ്ടായതെന്ന് പിന്നീടവർ മനസ്സിലാക്കി. പ്രാർത്ഥനയുടെ ശക്തി.

ഒരു പെൺകുട്ടിയുടെ കഥ കേട്ടിട്ടുണ്ട്. ബന്ധനസ്ഥനായി ഒരു മനുഷ്യൻ ജയിലിൽ കിടക്കുന്നതു സ്വപ്നം കാണുകയും, അയാൾക്കുവേണ്ടി പ്രാർത്ഥിക്കണമെന്നുള്ള ഒരശരീരി കേൾക്കയും ചെയ്തു. അന്നുമുതൽ അവൾ അയാൾക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ഏതാനും വർഷങ്ങൾക്കുശേഷം അവൾ ആരാധനയ്ക്കു പൊയ്ക്കൊണ്ടിരുന്ന പള്ളിയിൽ ജയിലിൽ കിടക്കുമ്പോൾ മാനസാന്തരപ്പെട്ട ലാഴസ് ഓസലം എന്ന പ്രാസംഗികൻ പ്രസംഗിക്കുവാൻ വന്നു. പ്രസംഗപീഠത്തിലേക്കു കടന്നുവന്ന ആ മനുഷ്യനെ കണ്ടപ്പോൾ പെൺകുട്ടി അത്ഭുതപ്പെട്ടു. അവൾ സ്വപ്നത്തിൽകണ്ട് ആർക്കുവേണ്ടി പ്രാർത്ഥിച്ചിരുന്നുവോ ആ മനുഷ്യൻതന്നെയായിരുന്നു അവിടെ പ്രസംഗിച്ചത്. ബൈബിളിൽ രഹസ്യമായി പ്രാർത്ഥിക്കു(മത്താ 6:6) ന്നതിനെപ്പറ്റിയും, കൂട്ടമായി പ്രാർത്ഥിക്കുമ്പോഴുള്ള ശക്തിയെക്കുറിച്ചും(മത്താ 18:20) പറയുന്നുണ്ട്.

നമ്മുടെ ഇടവക പ്രശ്നങ്ങളിൽക്കൂടി കടന്നുപോകുന്ന സമയമാണല്ലോ. നല്ലവരായ പലരുടെയും സഹകരണഫലമായി വിഷമപ്രശ്നങ്ങൾ പരിഹരിക്കുവാൻ ശ്രമം നടക്കുന്നു. ഇടവകയെ സ്നേഹിക്കുന്നവർക്ക് ഇടവകയ്ക്കുവേണ്ടി പ്രവർത്തിക്കുവാൻ ഏറ്റവും നല്ല ഒരവസരം കൈവന്നിരിക്കയാണ്. പ്രതിസന്ധികൾക്ക് ശാശ്വതപരിഹാരമുണ്ടാകുവാൻ ആത്മാർത്ഥമായി ദൈവസന്നിധിയിൽ നിന്നുകൊണ്ടുള്ള പ്രാർത്ഥന. ഇതിനുവേണ്ടി പ്രവർത്തിക്കുന്നവർക്ക് ശക്തി കൊടുക്കുവാനും എല്ലാവർക്കും സ്വീകാര്യമായ പരിഹാരമാർഗ്ഗം കാണിച്ചുകൊടുക്കുവാനും ദൈവത്തോടപേക്ഷിക്കുക. വാശിയും വൈരാഗ്യവും മാറ്റിവച്ച്, അപ്രിയങ്ങളായ കഴിഞ്ഞകാലം മറന്ന്, നല്ല നാളേക്കുവേണ്ടിപ്രവർത്തിക്കുകയും ചെയ്യുന്നവർക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ട് എല്ലാവർക്കും ഇതിൽ പങ്കെടുക്കുവാൻ സാധിക്കും. മനുഷ്യനു സാധിക്കാത്തത് ദൈവത്തിനു സാധിക്കുമല്ലോ. ദൈവത്തിന്റെ ഇഷ്ടം മനസ്സിലാക്കി പ്രവർത്തിക്കുവാൻ ഇതിൽ ഇടപെടുന്ന എല്ലാവർക്കും വേണ്ടി ദൈവത്തോടു പ്രാർത്ഥിക്കാം.

"മോശ കൈകളുയർത്തിയിരിക്കുമ്പോൾ ഇസ്രായേൽ ജയിക്കും. കൈ താഴ്ത്തിയിരിക്കുമ്പോൾ അമാലേക്ക് ജയിക്കും"(പുറ. 17:11). മോശയെപ്പോലെ പ്രാർത്ഥിച്ചുകൊണ്ട് യോശുയെപ്പോലെ അദ്ധ്വാനിച്ചാൽ പ്രശ്നപരിഹാരം ഉണ്ടാകുമെന്ന് നിശ്ചയമാണ്. ഈ ആഹ്വാനം വായിക്കുന്ന ഓരോ ഇടവകാംഗവും നിങ്ങൾ എവിടെയായിരുന്നാലും നിർബന്ധപൂർവ്വം ഏതാനുംനിമിഷങ്ങളെങ്കിലും ഇടവകയ്ക്കുവേണ്ടി ദൈവത്തോട് പ്രാർഥിക്കണം. പ്രാർത്ഥനയ്ക്ക് സമയമോ, സ്ഥലമോ, സാമ്പത്തികസ്ഥിതിയോ ഒന്നും ദൈവം ബാധകമാക്കിയിട്ടില്ലല്ലോ.

# കലുഷിതമാകുന്ന വിദ്യാഭ്യാസരംഗം

(ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത)



കുട്ടികൾ അസ്വസ്ഥരാകുന്നത് കൗമാരപ്രായത്തിലാണെന്നാണല്ലോ മനശ്ശാസ്ത്രം പറയുന്നത്. വിദ്യാസമ്പാദനത്തിന്റെ അടിവേരുകളും വികാസവും അക്കാലഘട്ടത്തിൽത്തന്നെയാകുന്നു എന്നത് നിർണ്ണായകമാണ്. അപ്പോൾ വളർച്ചയുടെ പ്രത്യേകതകളും മറ്റും ഉതിർക്കുന്ന അസ്വസ്ഥതകളുടെ പശ്ചാത്തലത്തിലാണ് വിദ്യാലയ ഘട്ടത്തിന്റെ സിംഹഭാഗവും ചെലവഴിക്കുന്നത്. സൃഷ്ടിപരമായ എഴുത്തിന് എന്നപോലെ വിദ്യാസമ്പാദനത്തിനും കുറെ അസ്വസ്ഥത അനിവാര്യമാണെന്നു തോന്നുന്നു.

പക്ഷേ ഇത് കലാപത്തിന്റെയും നശീകരണതയുടെയും ഭാരംപേറുന്ന അസ്വസ്ഥതയല്ല. അറിയാനും, ഗ്രഹിക്കാനും അറിയിക്കാനുമുള്ള തൃഷ്ണയിൽ നിന്നു ജനിക്കുന്ന അസ്വസ്ഥതയായിരിക്കണമത്. ഏതുതരം ജിജ്ഞാസയും കൗതുകവും അഭിലഷണീയമായ ഒരു അസ്വസ്ഥതയാണെന്നു പറയണം. അക്കാരണത്താൽ അത് സ്വാഗതാർഹവുമാണ്. മറിച്ച് അന്ധമായ കക്ഷിരാഷ്ട്രീയത്തിന്റെയും അപക്വമായ പ്രത്യയശാസ്ത്ര അപഗ്രഥനത്തിന്റെയും പേരിൽ കലാപമുണ്ടാക്കുന്നത് അഭിലഷണീയമായ അസ്വസ്ഥതയല്ല. വിദ്യാഭ്യാസം ഒരു Commodity (വിൽപനവസ്തു) ആയി കാണുകയും, അതിൽ മുതലാളി-തൊഴിലാളി ബന്ധങ്ങളാണുള്ളതെന്നും ധരിക്കുകയുമായാൽ വിദ്യയുടെ ആത്മീക ഭാവം മുഴുവൻ നഷ്ടപ്പെടും. ആത്മീകതയെ സ്പർശിക്കാതെ വിദ്യാഭ്യാസവുമില്ല. അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും മാന്യതയും അവകാശങ്ങളുമുണ്ട്. പക്ഷേ അവരെ ബന്ധിപ്പിക്കുന്ന കണ്ണി കച്ചവടമനസ്ഥിതിയോ ഭരണപക്ഷ-പ്രതിപക്ഷ ചിന്താശക്തിയോ ആകാൻ പാടില്ല. അവർക്കിടയിലുള്ളത് വിദ്യയുടെ വെളിച്ചവും, പരിശുദ്ധിയും നിറയുന്ന ആത്മീകബന്ധമാണ്. അതു തിരിച്ചറിയാത്തവർ ശരിയായ അധ്യാപകരോ വിദ്യാർത്ഥികളോ ആവുക അസാദ്ധ്യമാണ്. വിനാശകരവും അർത്ഥശൂന്യവുമായ രാഷ്ട്രീയം ചേക്കേറുന്ന വിദ്യാലയങ്ങൾ അപ്പേരിനുതന്നെ അർഹമല്ല. അധ്യാപകരെയും വിദ്യാർത്ഥികളെയും നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യേണ്ട വിശിഷ്ട മാനദണ്ഡങ്ങളുമാണ്. അവയുടെ അഭാവം ഈ കൊച്ചുകേരളത്തിൽ വേണ്ടുവോളം കാണുന്നുണ്ട്. വിഭാഗീയതയും, ഭീകരവാദവും, അസഹിഷ്ണുതയുടെ കാളിമയുള്ള മതബോധവും ഗുരുത്വമില്ലായ്മയുമെല്ലാം ഇതിൽനിന്നുണ്ടാകുന്നവതന്നെ. ഗുരുത്വം എന്ന ഗുണം പാഠദാതാവിനും പഠിതാവിനും ഒരുപോലെ ബാധകമാണ്. ഗുരുത്വം ഗുരുവിൽനിന്നുളവായി ശിഷ്യനിലേക്കു സംക്രമിച്ച് അവിടെ സ്ഥിരഭാവം നേടുന്നതാണ്. വിദ്യാരംഗത്ത് ഉറവപൊട്ടുന്ന ഈ ഗുണം, മറ്റെല്ലാ രംഗങ്ങളിലേക്കും പകരുന്നതാണ്. ഗുരുത്വമുള്ളതെല്ലാം കാമ്പുള്ളതായിരിക്കും. അത് ഒരു പ്രത്യേക ലക്ഷ്യത്തിലേക്കു മാത്രം നോക്കുന്നതും, നീങ്ങുന്നതുമായിരിക്കും. ഭൂമിയുടെ ഗുരുത്വം അതിനുദാഹരണമാണ്.

നമ്മുടെ വിദ്യാഭ്യാസ പ്രാണാളിയിൽ, നഷ്ടപ്രായമായ മൂല്യങ്ങളും, പവിത്രബന്ധങ്ങളും പുനസ്ഥാപിക്കാതെ കേവലം Academic കാര്യങ്ങളും അവകാശസംഹിതകളും കൊണ്ട്യാതൊന്നും സാധിക്കുകയില്ല. കാലുഷ്യം കൂടുതൽ ഗുരുതരമാവുകയേയുള്ളൂ. വിദ് എന്ന ധാതുവിലെ സ്വരത്തിന്റെ ധ്വനി ഈശ്വരനിൽനിന്നുത്ഭൂതമാകുന്നതാണല്ലോ! ■

# SUNDAY SCHOOL

Marina, in her late 70's struggled with her staggered walk to reach the church for the Sunday mass in time. Regular church goers, who knew Marina, sympathized with her plight reserving their comments about her past. The scenes of Marina arriving in a Mercedes Benz car with her husband and only son and the early return after the mass without giving a chance for her son to attend the Sunday School are still green in their minds. Many waters have flown through the Vembanad Lake since then, and a sea of changes occurred in their life.

Marina was the happiest mother when her son left for Chennai to pursue his studies in IIT Chennai. But with the passage of time the Pentecost influence of hostel mates transformed him to a point of no return to his old beliefs of his ancestral family. During this time every visit made by him to the family became a nightmare which ultimately took the life of the family head. The drama reached its climax when her son got married to a born again. At this point, poor Marina had no other option but to discard her only son to lead a solitary life preserving her belief in tact. Today every announcement of vicar of the Church regarding the importance of Sunday school alerts Marina and broods over her lost opportunity to educate her son in the right line and save him from the ditch he had fallen.

**Petson Peter C**

## വികാരിയുടെ കത്ത്



# തേജസ്ക്കരണത്തിന്റെ അകംപൊരുൾ

**ഫാ. പി. ഐ. വർഗ്ഗീസ്**

നമ്മുടെ കർത്താവിന്റെ തേജസ്ക്കരണം, അനിർവചനീയവും അഭൗമവുമായ ദൈവീക തേജസ്സ് നഗനനേത്രങ്ങൾക്ക് വെളിപ്പെട്ട ഒരു മഹാസംഭവമായിട്ടാണ് സുവിശേഷകന്മാർ രേഖപ്പെടുത്തിയിട്ടുള്ളത്. താബോറിലെ തേജോകാന്തിയുടെ മഹത്വേദിയിൽ പഴയനിയമ പുതിയനിയമ പിതാക്കന്മാരുടെ സംഗമം നമ്മെ അത്ഭുതപ്പെടുത്തുമ്പോൾ അത് പഴയ നിയമത്തിന്റെയും പുതിയനിയമത്തിന്റെയും പാരസ്പരികത സുവ്യക്തമാക്കുകയും ചെയ്യുകയാണ്. പ.സഭ, കൂടാരപ്പെരുന്നാൾ, മറുരൂപപ്പെരുന്നാൾ തുടങ്ങിയ പേരുകളിൽ കർത്താവിന്റെ താബോറിലെ ദിവ്യാനുഭവത്തെ അനുസ്മരിക്കുന്നു. മിസ്രയേമ്യ പാരതന്ത്ര്യത്തിൽ നിന്ന് വാഗ്ദത്തനാടിന്റെ സുഖസുഷുപ്തിയിലേക്കുള്ള പ്രയാണത്തിൽ നേരിട്ട യാതനകളുടെയും വേദനകളുടെയും കൂടാരവാസത്തിന്റെയും ഓർമ്മ ജീവിതത്തിൽ എന്നും പച്ച പിടിച്ചുനിൽക്കുവാൻ അതിനെ വലിയ ഒരു ത്സവമാക്കി ആചരിക്കണമെന്ന് ദൈവകൽപന. (ലെവ്യ: 23:42, 43). വിളവെടുപ്പിന് ശേഷമായിരുന്നതിനാൽ നിറഞ്ഞ സംതൃപ്തിയോടും ആഹ്ലാദത്തോടും ആചരിച്ചുവന്ന ഒരു പെരുന്നാളായിരുന്നു ഇത്.

സുവിശേഷകരുടെ വീക്ഷണത്തിൽ യഹൂദന്മാരുടെ കൂടാരപ്പെരുന്നാളും കർത്താവിന്റെ തബോറിലെ തേജസ്ക്കരണവും സമഞ്ജസമായി സമ്മേളിച്ചിരിക്കുന്നു. താബോറിൽ പ. ശ്ലീഹന്മാർക്കുണ്ടായ അനുഭൂതി ഒരു പുതുക്കത്തിന്റെ ശീതളച്ഛായയിലേക്ക് അവരെ നയിക്കുന്നു. ശിഷ്യന്മാർ നോക്കിനിൽക്കേ താബോറിന്റെ ഉത്തുംഗശൃംഗങ്ങളിൽ കണ്ണഞ്ചിപ്പിക്കുന്ന തേജോമയ പ്രകാശം ചുറ്റിമിന്നി. അവരുടെ ഗുരുവും നാഥനുമായവൻ രൂപാന്തരപ്പെട്ടു. മുഖം സൂര്യനെപ്പോലെ തിളങ്ങി. വസ്ത്രം അത്യന്തം വെൺമയാർന്നു. മോശയുടെയും ഏലിയാവിന്റെയും അത്ഭുതാവഹമായ സാന്നിദ്ധ്യം ശിഷ്യന്മാർ കണ്ടു. ഈ അതിമഹത്തായ ആത്മീയ ചൈതന്യത്തിൽ പത്രോസ് ശ്ലീഹ പറയുന്നു കർത്താവേ നാം ഇവിടെ ഇരിക്കുന്നത് നല്ലത്. നിനക്ക് സമ്മതമെങ്കിൽ ഒന്ന് നിനക്കും, ഒന്ന് മോശയ്ക്കും ഒന്ന് ഏലിയാവിനുമായി മൂന്ന് കൂടാരങ്ങൾ ഇവിടെ ഉണ്ടാക്കാം. ഉടൻതന്നെ വളരെ പ്രകാശമുള്ള ഒരു മേഘം വന്ന് അവരുടെമേൽ നിഴൽവീഴ്ത്തി. ആ മേഘത്തിന്റെ ഉള്ളിൽ നിന്ന് ഇവൻ എന്റെ പ്രിയപുത്രൻ, ഇവന് ചെവി കൊടുപ്പീൻ എന്ന ഒരു ശബ്ദമുണ്ടായി. മോശയും ഏലിയാവും അപ്രത്യക്ഷരാവുകയും ചെയ്തു. ഇതാണ് വി. സുവിശേഷങ്ങൾ നൽകുന്ന തേജസ്കരണ വിവരങ്ങൾ.

നമ്മുടെ കർത്താവിന്റെ താബോർഗിരിയിലെ മഹത്വ പ്രത്യക്ഷതയിൽ വാങ്ങിപ്പോയവരുടെയും, ജീവനുള്ളവരുടെയും പ്രതിനിധികളായ മോശയുടെയും (മോശ മരിച്ച് അടക്കപ്പെട്ടു) ഏലിയാവിന്റെയും (ഏലിയാവ് ഉടലോടെ എടുക്കപ്പെട്ടു.) സമാഗമം തിരുവചനാടിസ്ഥാനത്തിൽ നാം വിശ്വസിക്കുന്ന അതിശ്രേഷ്ഠമായ ഒരു വിശ്വാസ സത്യത്തിലേക്കാണ് നമ്മെ നയിക്കുന്നത്. കർത്താവിന്റെ രണ്ടാമത്തെ മഹത്വപ്രത്യക്ഷതയിൽ ജീവിച്ചിരിക്കുന്നവരും, വാങ്ങിപ്പോയവരും തന്റെ മുമ്പാകെ സമ്മേളിക്കും എന്നതു തന്നെ. കർത്താവു തന്റെ മഹത്വപ്രഭാവത്തിൽ രൂപാന്തരപ്പെട്ട് ആത്മ പ്രകാശമുള്ള മേഘം ധരിച്ചപ്പോൾ മോശയും ഏലിയാവും പ്രത്യക്ഷപ്പെടുന്നതോടെ താൻ ജീവിച്ചിരിക്കുന്നവരുടെയും മരിച്ചുപോയവരുടെയും കർത്താവാണെന്നും ശിഷ്യന്മാർക്ക് ബോദ്ധ്യപ്പെട്ടു. മരണം പ്രാപിച്ച മോശയും ജീവനോടെ എടുക്കപ്പെട്ട ഏലിയാവും ഉയരത്തിലും താഴെയും കർത്താവിനുള്ള അധികാരത്തെയും അന്ത്യന്യായവിധിയിൽ ഏവരെയും തന്റെ മുമ്പിൽ കൊണ്ടുവരും എന്നതിനേയും വ്യക്തമാക്കുന്നു.

ന്യായവിധിക്കുശേഷം നീതിമാന്മാരും പരിശുദ്ധന്മാരും നന്മചെയ്തവരുമെല്ലാം സ്വർഗ്ഗരാജ്യാവകാശികളാകുകയും ദൈവമഹത്വം ധരിക്കുകയും ചെയ്യുമെന്നുള്ള യാഥാർത്ഥ്യം കൺമുമ്പിൽകണ്ട് വിശ്വാസസ്ഥൈര്യം ഗ്രഹിക്കുവാൻതക്കവണ്ണം വെള്ളിത്തിരയിലെന്നോണം തിരുവചനത്തിലൂടെ വരച്ചുകാട്ടിയിരിക്കുന്നു. അതുകൊണ്ടാണ് ദൈവമഹത്വത്തിൽ വിളങ്ങി പ്രശോഭിച്ച പഴയനിയമത്തിലെ രണ്ട് അനിഷേധ്യ പിതാക്കന്മാരെ ന്യായവിധിക്കുശേഷമുള്ള നീതിമാന്മാരുടെ അനുഭവം പ്രസ്പഷ്ടമാക്കുവാൻ ദൈവം അവിടെ എത്തിക്കുന്നത്. മോശയും, ഏലിയാവും, യേശുവും സഖികളെപ്പോലെ അവിടെ സംസാരിക്കുന്നു. വക്രതയുള്ളവൻ യഹോവയ്ക്ക് വെറുപ്പാകുന്നു; നീതിമാൻമാർക്കോ അവന്റെ സഖ്യതയുണ്ട് (സദൃ. 3:32). താബോർമലയിൽ നീതിമാന്മാർ സൂര്യനെപ്പോലെ മിന്നിത്തിളങ്ങുന്നവരായിത്തീർന്നു. ന്യായവിധിദിവസം നീതിമാന്മാർ പിതാവിന്റെ രാജ്യങ്ങളിൽ സൂര്യനെപ്പോലെ പ്രകാശിക്കും. (മത്തായി 13:43)

സ്വർഗ്ഗത്തിൽ നിന്ന് ശോഭിതമേഘം വന്ന് താബോർമലയെ ആച്ഛാദനം ചെയ്തതുവഴി നീതിമാന്മാർ അന്ത്യനാളുകളിൽ കർത്താവിനെ എതിരേല്പാൻ ശോധിതമേഘങ്ങളിൽ എടുക്കപ്പെട്ട് യേശുക്രിസ്തുവിനോടൊന്നിച്ച് സ്വർഗ്ഗീയ പ്രഭയിൽ ആനന്ദിക്കുമെന്ന വസ്തുത വെളിപ്പെട്ടുവന്നിരിക്കുന്നു. പരിശുദ്ധന്മാർ യേശുവിനെ ശുശ്രൂഷിക്കുവാനായി മാറ്റപ്പെടുമെന്നതിന്റെ തെളിവാണ് യേശുവിന്റെ കഷ്ടാനുഭവത്തെയും മരണത്തെയും കുറിച്ച് മോശയും ഏലിയാവും അദ്ദേഹത്തോട് സംസാരിക്കുന്നതിലൂടെ നാം കാണുന്നത്.

യേശുവിന്റെ യോർദ്ദാൻ നദിയിലെ സ്നാനസമയത്ത് ഇവൻ എന്റെ പ്രിയപുത്രൻ ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്ന് ഉയരത്തിൽ നിന്ന് ഉണ്ടായ അശരീരിയെ ഓർമ്മപ്പെടുത്തുംവിധമായിരുന്നു ഈ തേജസ്ക്കരണസമയത്തും സംഭവിച്ചത്. യോർദ്ദാനിലെ സ്നാനത്തിൽ ത്രിത്വം വെളിപ്പെട്ടതു പോലെ ഇവിടെയും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധ റൂഹായുടെയും വെളിപ്പെടലും ഉണ്ടാകുന്നുണ്ട് ■

## റോട്ടറി അവാർഡ്



കൊച്ചി മിഡ്ടൗൺ റോട്ടറി ക്ലബ്ബിന്റെ സ്ഥാപകാംഗവും മുൻ പ്രസിഡന്റുമായ നമ്മുടെ ഇടവകാംഗം പി.റ്റി. ജോണിന്, ക്ലബ്ബിനും, സമൂഹത്തിനും ചെയ്തിട്ടുള്ള സേവനങ്ങളെ ബഹുമാനിച്ച്, കൊച്ചി മിഡ്ടൗണിന്റെ ജ്യൂവൽ (Jewel of Cochin Midtown) എന്ന അവാർഡ് നൽകി ആദരിച്ചു

## വെബ്സൈറ്റ് ഉദ്ഘാടനം

MGOCSM കത്തീഡ്രൽ ശാഖയുടെ വെബ്സൈറ്റിന്റെ ഉദ്ഘാടനം ജൂലൈ 25ന് രണ്ടാമത്തെ കുർബ്ബാനയ്ക്കുശേഷം നടത്തപ്പെട്ടു. www.stmarysmgocsm.com എന്നായിരിക്കും വെബ് സൈറ്റ് അറിയപ്പെടുക. വിദ്യാർത്ഥികൾക്കുള്ള പരിപാടികൾ, MGOCSM ഇടവകയൂണിറ്റിനെക്കുറിച്ചുള്ള വാർത്തകൾ, അറിയിപ്പുകൾ എന്നിവ വെബ്സൈറ്റിന്റെ പ്രത്യേകതകളായിരിക്കും.

## OCYM കത്തീഡ്രൽ യൂണിറ്റ്

ദീർഘനാളായി പ്രവർത്തനം മന്ദീഭവിച്ചിരുന്ന കത്തീഡ്രൽ യൂണിറ്റ് ഓർത്തഡോക്സ് ക്രിസ്റ്റ്യൻ മൂവ്മെന്റ് സജീവമായി പ്രവർത്തനമാരംഭിച്ചു. ഞായറാഴ്ച രണ്ടാം കുർബ്ബാനയ്ക്കുശേഷം പ്രമുഖ വ്യക്തികൾ വൈദികരുടെ സാന്നിദ്ധ്യത്തിൽ മീറ്റിംഗുകൾക്ക് നേതൃത്വം നൽകുന്നു. കൂടുതൽ യുവതീയുവാക്കളുടെ സഹകരണം പ്രതീക്ഷിക്കുന്നു.

## അനുമോദനങ്ങൾ



കത്തീഡ്രൽ ഇടവകാംഗം ശ്രീ. കെ. വർഗ്ഗീസ് തോമസ്സിനെ എറണാകുളം YMCAയുടെ 2010–2011 ലെ പ്രസിഡന്റായി തിരഞ്ഞെടുത്തു. ശ്രീ വർഗ്ഗീസ് ഏതാനും വർഷങ്ങളായി YMCA ഡയറക്ടർ ബോർഡിൽ അംഗമായിരുന്നു.

## കുടുംബ വിശേഷങ്ങൾ



ജനറൽ ആശുപത്രി കാൻസർ വാർഡിലേക്കു നൽകുന്ന മരുന്നുകളുടെ ജൂൺ-ജൂലൈ മാസങ്ങളിലെ വിതരണം, ജൂലൈ 10ന് IMA പ്രസിഡന്റ് ഡോ.ജോയി ജോസഫ്, കാൻസർ വാർഡ് സ്റ്റാഫിനു നൽകിക്കൊണ്ട് നിർവ്വഹിച്ചപ്പോൾ. റവ. ഫാ. പി.ഐ. വർഗ്ഗീസ്, ആശുപത്രി സൂപ്രണ്ട് ശ്രീ ജുനൈദ് റഹ്മാൻ, ശ്രീ സാജു പനയ്ക്കൽ എന്നിവർ സമീപം.

## വിശേഷ ദിവസങ്ങൾ

**ഓഗസ്റ്റ്**

6 വെള്ളി : മറുരൂപപ്പെരുന്നാൾ. അലക്സിയോസ് മാർ തേവോദോസിയോസ് തിരുമേനിയുടെ ഓർമ്മ (പെരുനാട്)

15 ഞായർ : പതിനഞ്ചുനോമ്പു വീടൽ. വി. മാതാവിന്റെ സ്വർഗ്ഗാരോഹണ പെരുന്നാൾ

19 വ്യാഴം : ജോസഫ് മാർ പക്കോമിയോസ് തിരുമേനിയുടെ ഓർമ്മ

**സെപ്റ്റംബർ**

1 ബുധൻ : എട്ടുനോമ്പാരംഭം

## Jessie Performing at Los Angeles World Performing Arts Championship



Jessie took part in “World Performing Arts Championship” at Los Angeles representing NZ in the Vocal Category. Over 75,000 applicants from 40 countries went through multiple elimination rounds, to reach the final show-case of 25 contestants. Jessie was the youngest solo performer in the finals. The event was streamed live worldwide and was adjudicated by a panel of entertainment industry professionals from Hollywood and Nashville.

She won gold medals for opera and world music, silver medals for pop and gospel styles and bronz medal for the open category. Her performance was noted by well known music industry coaches and producers, some of whom have offered to help out Jessie.

She is the daughter of our member Rabi Brighu Hillel, and Sigy Susan George.

## വിവാഹം

1) കലൂർ സെന്റ് ഫ്രാൻസിസ് ചർച്ച് റോഡിൽ കീപ്പള്ളിൽ ശ്രീ. എം. ജോണിന്റെയും ശ്രീമതി ശോശാമ്മ ജോണിന്റെയും മകൻ സിബി ജോണും മുണ്ടക്കയം മണിയാംകുന്നേൽ ശ്രീ. എം. എസ് ബാബുവിന്റെയും ശ്രീമതി ബിൻസി ബാബുവിന്റെയും മകൾ മിധു ബാബുവും കുടശ്ശനാട് സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് കത്തീഡ്രലിൽവച്ച് 19-7-2010-ൽ വിവാഹിതരായി.

2) വൈറ്റില ജനതാറോഡ് പുത്തൻ വീട്ടിൽ ശ്രീ. ജോൺ കോശിയുടെയും ശ്രീമതി സീനാ ജോണിന്റെയും മകൾ ലിയ അന്ന ജോണും കോട്ടയം പരുത്തുംപാറ കുരുമാംഗൽ ശ്രീ. കെ.ഇ. ജോബിന്റെയും ശ്രീമതി വത്സമ്മയുടെയും മകൻ രോഹിത് ജോബും തമ്മിലുള്ള വിവാഹം 12-7-2010ൽ പള്ളം സെന്റ് പോൾസ് ഓർത്തഡോക്സ് പള്ളിയിൽ നടന്നു.



3) ഇടപ്പള്ളി, ശാന്തിനഗർ, എസ്. ഐ. സെഡാർ പാർക്ക് കല്ലത്ത് ദീപം ശ്രീ. ടി. തോമസിന്റെയും ശ്രീമതി സൂസൻ തോമസിന്റെയും മകൾ മിഷ മറിയം തോമസും, തിരുവല്ല തിരുമൂലപുരം പോളച്ചിറക്കൽ Late ശ്രീ. രാജൻ കോശിയുടെയും ശ്രീമതി സാറാമ്മ രാജൻ കോശിയുടെയും മകൻ കെവിനും തമ്മിലുള്ള വിവാഹം തിരുമൂലപുരം മാർ ബസേലിയോസ് മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് പള്ളിയിൽ 19-7-2010-ൽ നടന്നു.



4) പനമ്പിള്ളി നഗർ ബിലയർ 9 സി. യിൽ ശ്രീ. സാം ജോർജ്ജിന്റെയും ശ്രീമതി എലിസബത്ത് ഷീലുസാമിന്റെയും മകൻ അലൻ ജോർജ്ജ് സാമും പുറമറ്റംമടത്തുഭാഗം നോർത്ത് പുത്തോട്ടിൽസദനത്തിൽ ശ്രീ. തോമസ് പി. കുര്യന്റെയും ശ്രീമതി മിനി തോമസിന്റെയും മകൾ ഷെറിലും തമ്മിലുള്ള വിവാഹം നമ്മുടെ കത്തീഡ്രലിൽ 26-7-2010-ൽ നടന്നു.



5) 10-5-2010 ൽ കത്തീഡ്രലിൽ വിവാഹിതരായ ഏബ്രഹാമും ലീ ജോസഫും

*വധൂവരന്മാർക്ക് മംഗളാശംസകൾ !*

## നിര്യാതനായി



പുല്ലേപ്പടി കാച്ചപ്പള്ളി വീട്ടിൽ ശ്രീ. കെ.വി. വർഗ്ഗീസ് (72) 29-7-2010 ൽ നിര്യാതനായി. ചിറ്റൂർ റോഡ് സെമിത്തേരിയിൽ അടക്കം ചെയ്തു.



20-5-10 ൽ നിര്യാതയായ കടവന്ത്ര പാലാൽ മേപ്പാടത്ത് ശ്രീമതി മേരി ഇട്ടൻ

*ആദരാഞ്ജലികൾ*

*Sponsored by:*

**A WELL WISHER**

Editorial Board: P.T. John(98951 43625), K.K. George (94470 40484),
Mammen Abraham (94473 68886) & Suma Mathew (98460 25711) Design: Cornet, Cochin
**Edited & Published by:** K.K. George for **St. Mary’s Orthodox Cathedral, Ernakulam. Phone : 0484-2352490, 2365827**
***Website: www.stmarysorthodoxcathedralekm.org Email: georgekaithayil@yahoo.com***

***For Private Circulation only***